**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഉച്ചക്കഞ്ഞിക്കുള്ള അരി കെട്ടിക്കിടന്ന് നശിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്ക് നൽകുന്നതിനുള്ള അരി വലിയതുറ ഗോഡൗണിൽ കെട്ടിക്കിടന്ന് നശിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എത്ര രൂപയുടെ എത്ര കിലോ അരിയാണ് നശിച്ചതെന്നറിയിക്കാമോ; | (ബി) | 7,88,216 രൂപ വില വരുന്ന 24600 കി.ഗ്രാം അരിയാണ് വിതരണയോഗ്യമല്ലാതായതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. |
| (സി) | ഇതിന് ഉത്തരവാദികളായവരിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | MDMS അരി കേടായതിന് ഉത്തരവാദിയായ തിരുവനന്തപുരം ഡിപ്പോയിലെ മുൻ മാവേലി കസ്റ്റോഡിയൻ, ശ്രീ. രാജീവ്. ആർ. SA IIവിനെ സസ്പെൻറ് ചെയ്യുകയും ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുമുണ്ട്. നഷ്ടം ഈടാക്കുന്നതിനായി ടി ക്രമക്കേട് ഉൾപ്പെടെ ഡിപ്പോയിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ